**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1478** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ സ്ഥിരം, അവധി, ദിവസവേതനം എന്നീ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർമാർ സമന്വയ മുഖേന നടത്തുന്ന അധ്യാപക, അനധ്യാപക നിയമന പ്രൊപ്പോസലുകളുടെ കൂടെ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്; വിശദാംശം നൽകുമോ; | (എ) | നിയമനാംഗീകാരത്തിനാവശ്യമായ രേഖകൾ തയ്യാറാക്കി https://samanwaya.kite.kerala.gov.in എന്ന വെബ് സൈറ്റിൽ അതതു വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിച്ച യൂസർനെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്താണ് മാനേജർമാർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. നിയമനം സംബന്ധിച്ച് എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും (നിയമന ഉത്തരവ്, സി.എസ് സ്റ്റേറ്റ്മെന്റ്, മാനേജരുടെ ഡിക്ലറേഷൻ, സ്വഭാവ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ജോയിനിംഗ് ഡ്യൂട്ടി സർട്ടിഫിക്കറ്റ്, അതാത് സമയത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം ആവശ്യമായ ഡിക്ലറേഷനുകൾ തുടങ്ങിയവ) പൂർണ്ണരൂപത്തിൽ 1 MBയിൽ കവിയാത്ത PDF ഫയലാക്കി കമ്പ്യൂട്ടറിൽ സേവ് ചെയ്തതിനുശേഷം അപ്‌ലോഡു ചെയ്തു ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സബ്മിറ്റ് ചെയ്യണം. സർക്കാർ നിയമനത്തിനുള്ളതുപോലെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് കീഴ്വഴക്കമാണ്. |
| (ബി) | ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ഡി.ജി.ഇ. സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഓരോ വിദ്യാഭ്യാസ ഓഫീസുകളിലും നിയമനങ്ങൾ അംഗീകരിക്കുവാൻ വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിശോധിക്കുവാനും പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിൽ 2022-23, 2023-24 എന്നീ അധ്യയന വർഷങ്ങളിൽ സ്ഥിരം, അവധി, ദിവസ വേതനം വ്യവസ്ഥയിൽ സമന്വയ മുഖേന എത്ര | (സി) | വിവരം ശേഖരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | നിയമന പ്രൊപ്പോസലുകൾ മാനേജർമാരിൽ നിന്നും ലഭിച്ചു; എൽ.പി., യു.പി., ഹൈസ്കൂൾ തിരിച്ചുള്ള കണക്കുകൾ വിദ്യാലയങ്ങളുടെ പേര് സഹിതം നൽകുമോ; | | |
| (ഡി) | പ്രസ്തുത നിയമനങ്ങളിൽ അംഗീകരിച്ചവ, നിരസിച്ചവ, പരിഗണയിലുള്ളത് എന്നിവയുടെ എണ്ണം വെളിപ്പെടുത്തുമോ; നിരസിച്ചതിന്റെ കാരണം അറിയിക്കാമോ; | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത ഉപജില്ലയിൽ നിയമന അംഗീകാരം, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളിൽ രണ്ടു വർഷമായിട്ടും തീർപ്പു കൽപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള സ്കൂൾ മാനേജർമാരുടെയും അധ്യാപകരുടെയും പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ പ്രത്യേക അദാലത്ത് നടത്തി പരിഹാരം കാണുവാൻ നിർദേശം നൽകുമോ; | (ഇ) | മേഖലാടിസ്ഥാനത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | മലപ്പുറം ഉപജില്ലയിൽ മാത്രം 2022-23, 2023-24 വർഷങ്ങളിലും അതിനു മുമ്പും നടത്തിയ എത്ര നിയമനങ്ങൾക്ക് ഇനിയും അംഗീകാരം നൽകാനുണ്ടെന്നും അവ ഏതെല്ലാം വിദ്യാലയങ്ങളിലാണെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത നിയമനങ്ങൾക്ക് എന്നത്തേക്ക് അംഗീകാരം നൽകുമെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ